# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2728      18.08.2017- ൽ മറുപടിക്ക്

## പുതുതായി അദ്ധ്യാപകരെ നിയമിച്ചതുമായി ബന്ധപ്പെട്ട് പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്. ശബരീനാഥൻ** | **പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കു കീഴിൽ ഹയർ സെക്കണ്ടറി തലത്തിൽ ലീവ് വേക്കൻസിയിൽ ദീർഘകാലം ജോലി ചെയ്യുകയും പുനർ നിയമനത്തിന് മുൻഗണനാവകാശമുള്ളതും നിലവിൽ പുറത്തു നില്ക്കുന്നവരുമായ അദ്ധ്യാപകരെ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുകളിൽ നിയമിക്കാതെ പുതുതായി അദ്ധ്യാപകരെ നിയമിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പരാതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ബി) സംസ്ഥാനത്ത് അപ്രകാരം പുനർ നിയമനാവകാശം സിദ്ധിച്ചിട്ടുള്ളതും പുറത്തുനില്ക്കുന്നതുമായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അതാത് കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക കീഴിൽ ഉണ്ടാകുന്ന ഗസ്റ്റ്ഫാക്വൽറ്റി ഡെയിലി വേജസ് എന്നീ ഒഴിവുകളിൽ നിയമനത്തിനായി മുൻഗണന നൽകി പരിഗണിക്കണമെന്നും പുനർ നിയമാനാധികാരം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകരെ ഹയർ സെക്കണ്ടറി തലത്തിൽ ആദ്യം നിയമനത്തിനായി പരിഗമിക്കണമെന്നും ഇവരെ കെ.ഇ.ആർ ചാപ്റ്റർ 14 എ സെക്ഷൻ 51 A അടിസ്ഥാനത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ അടിയന്തിരമായി നിർദ്ദേശം പുറപ്പെടുവിക്കുമോ; | (ബി) (സി) & (ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു |
| (സി) പുനർ നിയമനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകരെ നിയമിക്കാതെ പുതുതായി പുറത്തു നിന്നും നിയമിക്കുന്ന അദ്ധ്യാപകർക്ക് സർക്കാർ ഖജനാവിൽ നിന്നും നൽകുന്ന ഗസ്റ്റ് ഫാക്കൽറ്റി വേതനം നൽകുന്നതല്ലെന്ന് പ്രസ്തുത ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വ്യക്തമാക്കുമോ; | |
| (ഡി) ഇപ്രകാരം പുനർനിയമനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകർക്ക് മുൻഗണന നൽകി നിയമിക്കുന്നതിന് ആവശ്യമായ ഉത്തരവു പുറപ്പെടുവിക്കുന്നതിനും സ്പാർക്ക് പെയ്റോളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**